<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 465</u> <u>02-02-2023 - ൽ മറുപടിയ്ക്ക്</u>

<u>അഴിക്കോട് നിയോജക മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ പ്രവൃത്തി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി ഹെറിട്ടേജ് പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയ അഴിക്കോട് നിയോജക മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ (കിഫ്ബി) നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കോട് നിയോജക മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ നവീകരണ പ്രവൃത്തിയ്ക്കായി 1,03,18,271.34 രൂപയുടെ ധനാനുമതി 09.08.2020 തീയതിയിലെ ഉത്തരവു പ്രകാരം കിഫ്ബി നൽകിയിരുന്നു.<br>നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസിയായ KIIDC ടി പ്രവൃത്തി നാലു തവണ ടെൻഡർ ചെയ്തിട്ടും കരാറുകാർ ആരും തന്നെ പങ്കെടുക്കാത്തതിനാൽ 28.05.2021 ന ക്വട്ടേഷൻ ക്ഷണിക്കുകയും, റീ ടെണ്ടർ ചെയ്ത ശേഷം ലഭ്യമായ ടെണ്ടർ തുക (Rs. 92,19,050.22) എസ്റ്റിമേറ്റ് തുകയേക്കാൾ (Rs.77,55,468) 18.87% കൂടുതൽ ആയതിനാൽ നിരക്ക് കുറയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെടുകയും അപ്രകാരം കരാറുകാരൻ തുക 90,63,248.27/- രൂപ ആയി കുറയ്ക്കുകയും ചെയ്തിരുന്നു. ടി തുക എസ്റ്റിമേറ്റ് തുകയെക്കാളും 16.86% അധികമാണ്. എന്നാൽ ഇതു 2018 ഡി.എസ്.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയായ ₹96,30,776.80 -ൽ നിന്നും 5.89% കുറവായതിനാൽ ഈ തുകയ്ക്ക് കരാറുകാരന് പ്രവർത്തി അവാർഡ് ചെയ്യാൻ അനുവദിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് KIIDC ടൂറിസം ഡയറക്ടർക്കു അപേക്ഷ സമർപ്പിക്കുകയും, തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി വിപുലമായ പ്രചാരണം നൽകി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി KIIDC അറിയിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും KIIDC അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലുള്ള | (ബി) | തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ആരംഭിക്കുന്നതിന് തടസങ്ങളുണ്ടോയെന്ന് അറിയിക്കാമോ? | | അഴീക്കോട് നിയോജക മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ നവീകരണ പ്രവൃത്തിയ്ക്കായി 1,03,18,271.34 രൂപയുടെ ധനാനുമതി 09.08.2020 തീയതിയിലെ ഉത്തരവു പ്രകാരം കിഫ്ബി നൽകിയിരുന്നു.<br>നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസിയായ KIIDC ടി പ്രവൃത്തി നാലു തവണ ടെൻഡർ ചെയ്തിട്ടും കരാറുകാർ ആരും തന്നെ പങ്കെടുക്കാത്തതിനാൽ 28.05.2021 ന ക്വട്ടേഷൻ ക്ഷണിക്കുകയും, റീ ടെണ്ടർ ചെയ്ത ശേഷം ലഭ്യമായ ടെണ്ടർ തുക (Rs. 92,19,050.22) എസ്റ്റിമേറ്റ് തുകയേക്കാൾ (Rs.77,55,468) 18.87% കൂടുതൽ ആയതിനാൽ നിരക്ക് കുറയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെടുകയും അപ്രകാരം കരാറുകാരൻ തുക 90,63,248.27/- രൂപ ആയി കുറയ്ക്കുകയും ചെയ്തിരുന്നു. ടി തുക എസ്റ്റിമേറ്റ് തുകയെക്കാളും 16.86% അധികമാണ്. എന്നാൽ ഇതു 2018 ഡി.എസ്.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയായ ₹96,30,776.80 -ൽ നിന്നും 5.89% കുറവായതിനാൽ ഈ തുകയ്ക്ക് കരാറുകാരന് പ്രവർത്തി അവാർഡ് ചെയ്യാൻ അനുവദിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് KIIDC ടൂറിസം ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും, തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി വിപുലമായ പ്രചാരണം നൽകി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി KIIDC അറിയിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും KIIDC അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ